# 3

## ആർപ്പോ ഇർറോ

ആർപ്പോ ഇർറോ

ആർപ്പോ ഇർറോ

ആർപ്പോ ഇർറോ

ഇർറോ ഇർറോ

ഓടി വരൂ പാടി വരൂ

കൂടെ വരൂ കൂട്ടരേ

ആർപ്പോ ഇർറോ

ഇർറോ ഇർറോ

.................... ....................



അപ്പോം ചുട്ട്

അടേം ....ചുട്ട്......

ഇലേം...... വാട്ടി

പൊതീം ...കെട്ടി....

പടീം...... കടന്ന്

അതിലേ ...പോയ്

ഇതിലേ... പോയ്

കിളി കിളി കിക്കിളി




പട്ടം പട്ടം
മാനത്ത് പട്ടം
വീട് കണ്ടു
കാട് കണ്ടു
വണ്ടി കണ്ടു
പട്ടം പറന്നു




പൂമല കണ്ടു
പൂമരം കണ്ടു
പുഴ കണ്ടു
വഴി കണ്ടു

പട്ടം പറന്നു



തത്ത കണ്ടു

നൂലുള്ള പട്ടം



കാക്ക കണ്ടു


വാലുള്ള പട്ടം



ആന കണ്ടു

ചേലുള്ള പട്ടം





പട്ടി നോക്കി
കുര കുരച്ചു
പട്ടം ഞെട്ടി
വിറ വിറച്ചു


നൂല് പൊട്ടി
പട്ടം വീണു
തലകുത്തി
തലകുത്തി
പട്ടം വീണു



നൂല് കുരുങ്ങി
വാലിൽ കുരുങ്ങി
കാലിൽ കുരുങ്ങി
മേലാകെ കുരുങ്ങി

മോ.. മോ.. മോ

പട്ടി മോങ്ങി




കളിയുടെ പേരുകൾ

1. പന്തുകളി
2. വള്ളംകളി
3. പുലിക്കളി
4. ആടിക്കളി
5. ഞൊണ്ടിക്കളി
6. ഒളിച്ചുകളി.

## വായിക്കാം കളിക്കാം

കളിയുടെ പേര്: ഇട്ടൂലി

ഒരാൾ നേതാവാകണം. നേതാവ് ഒരു  ഒളിപ്പിക്കണം. തുടർന്ന് വിളിച്ചു പറയണം ഇട്ടൂലി.  തുണിയിലോ ഇലയിലോ കുത്തിവച്ചാൽ പറയും കുത്തൂലി. ഒരിടത്ത് വച്ചാൽ പറയും വച്ചൂലി. ഇട്ടാൽ പറയും ഇട്ടൂലി. മൂടിവച്ചാൽ പറയും മൂടൂലി.

ഒളിപ്പിച്ച ഇടത്തേക്ക് ആര് വന്നാലും ആ ആളുടെ പേര് ചേർത്ത് നേതാവ് വിളിച്ചുപറയണം തണൽ.  കണ്ടെത്തുന്ന ആൾ അടുത്ത നേതാവാകും. ഇട്ടൂലിക്കളി തുടരും.